## (55.) മുതുപേഴുങ്കൽ സെന്റ് സെബാസ്റ്റ്യൻസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

മുതുപേഴുങ്കൽ പ്രദേശം ഒരു ക്രിസ്ത്യൻ ഭൂരിപക്ഷ പ്രദേശമല്ല. സ്ഥലവാസികളായ ക്രിസ്ത്യാനികളിൽ കത്തോലിക്കാസഭയിൽ വിശ്വസിക്കുന്നവർ വളരെ ചുരുക്കവുമാണ്. ഇവിടുത്തെ കത്തോലിക്കാവിശ്വാസ സമൂഹം സീറോ-മലബാർ സഭയിൽ നിന്ന് വന്ന കുടിയേറ്റക്കാരും, മലങ്കര സഭയിൽ പുനരൈക്യപ്പെട്ടവരും ഉൾപ്പെടുന്ന ഒരു ചെറിയ സമൂഹമാണ്. ഇവിടുത്തെ വിശ്വാസികൾ കൂദാശാകർമ്മങ്ങളിൽ പങ്കെടുക്കാൻ വകയാർ, അതിരുങ്കൽ, ഈട്ടുപാറ എന്നീ ദേവാലയങ്ങളിലാണ് പോയിരുന്നത്. ഈ ദേവാലയങ്ങളെല്ലാം മൂന്നിലധികം കിലോമീറ്റർ ദൂരത്തിലായിരുന്നു. എന്നാൽ ഇവിടുത്തെ വിശ്വാസികളിൽ ഭൂരിഭാഗവും വകയാർ ദേവാലയത്തിൽ അംഗങ്ങളായിരുന്നതിനാൽ ഒരു കൂട്ടായ്മയിൽ ഉൾപ്പെട്ടവർ ആയിരുന്നു. വളരെ വർഷങ്ങളായി ഒരു പ്രാർത്ഥനാലയത്തിനായി ആഗ്രഹിച്ചിരുന്നെങ്കിലും അത് പ്രവർത്തിപഥത്തിൽ കൊണ്ടുവരുവാൻ തക്ക ധനശേഷിയോ ജനങ്ങളോ ഇല്ലാതിരുന്നതിനാൽ അത് ഒരു മോഹം മാത്രമായി അവശേഷിച്ചു.

എന്നാൽ 1928-ൽ ബഹു.കോശി ചക്കാലമണ്ണിൽ അച്ചൻ വകയാർ പള്ളിയുടെ വികാരിയായി വന്നതിനു ശേഷം ഈ അവസ്ഥയ്ക്കു വലിയ മാറ്റം ഉണ്ടായി. അച്ചൻ ഇടവകയിലെ എല്ലാ ഭവനങ്ങളിലും സന്ദർശനം നടത്തുകയും പ്രാർത്ഥനായോഗങ്ങൾ പുന:സംഘടിപ്പിക്കുകയും ചെയ്തു. അങ്ങനെ, മുതുപേഴുങ്കൽ പ്രദേശത്തെ ഭൂരിഭാഗം വിശ്വാസികളും ഞായറാഴ്ചകളിൽപോലും വി.കുർബാനയിൽ പങ്കെടുക്കുന്നില്ലെന്നും കുട്ടികൾ മതബോധന ക്ലാസുകളിൽ പോകാറില്ലെന്നും മനസ്സിലാക്കി.

തുടർന്ന്, ബഹു. അച്ചൻ മുതുപേഴുങ്കൽ, കരിംകൂടുക്ക തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ ഒരു യോഗം സണ്ടേസ്കൂൾ സ്റ്റുഡന്റ്സ് സെക്രട്ടറി ആയിരുന്ന ശ്രീ ഷാജി ജോസഫ്, ഹെഡ്മാസ്റ്റർ ശ്രീ റ്റി.കെ.ഡാനിയേൽ എന്നിവരുടെ നേതൃത്വത്തിൽ വിളിച്ചു കൂട്ടി. പ്രസ്തുത യോഗത്തിൽ പുതിയ ദേവാലയം നിർമ്മിക്കുന്നതു വരെയും എല്ലാ മാസത്തിന്റെയും ആദ്യത്തെ ഞായറാഴ്ച വൈകിട്ട് 3.30ന് ദിവ്യബലി നടത്തുവാൻ തീരുമാനിച്ച വിവരം അച്ചൻ പ്രഖ്യാപിച്ചു. അതോടൊപ്പം മുതുപേഴുങ്കൽ ദേശത്തെ പ്രാർത്ഥനായോഗം ശ്രീ.ഈശോ ജോർജ്ജ് ചരിവുപുരയിടത്തിലിന്റെ ഭവനത്തിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടുകയും പ്രധാന ലക്ഷ്യം ഒരു ദേവാലയം ആയിരിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു. തുടർന്ന് പ്രാർത്ഥനാഗ്രൂപ്പിൽ നിന്ന് ശ്രീ വി.ജയരാജൻ കുഴിപ്പറമ്പിൽ, ശ്രീ യോഹന്നാൻ കുഞ്ഞുകുഞ്ഞ് ഇടത്തറയിൽ,: ശ്രീ ജോസഫ് കുരട്ടിയുറുമ്പിൽ എന്നിവരുടെ നേതൃത്വത്തിൽ ഒരു കേന്ദ്രകമ്മറ്റി ഉണ്ടാക്കി. പ്രസ്തുത കമ്മറ്റിയിൽ എം.സി.വൈ.എം. കോ-ഓർഡിനേറ്റർ ആയി ശ്രീ കെ.ജി.ജോസഫ് ചരിവുപുരയിടത്തിനേയും സണ്ടേസ്കൂൾ കോ-ഓർഡിനേറ്റർ ആയി ശ്രീ ഷാജി ജോസഫിനേയും നിയമിച്ചു.

പിന്നീട്, ശ്രീ തോമസ് ഉദിക്കമണ്ണിലിന്റെ പുരയിടം വിൽക്കുവാനുണ്ടെന്ന് അറിഞ്ഞപ്പോൾ പ്രസ്തുത പുരയിടം വാങ്ങുന്നതിനായി കമ്മറ്റി തീരുമാനിച്ചു. എന്നാൽ തൽസമയം പ്രസ്തുത പുരയിടം പ്രകാശ് എന്ന വ്യക്തിക്ക് കുഴിക്കാണം ഒറ്റിക്ക് നൽകിയിരുന്നതിനാൽ പാട്ടക്കാരനെ ഒഴിവാക്കുക എന്ന ഉത്തരവാദിത്തം കൂടി വന്നു ചേർന്നു. പാട്ടക്കാരൻ ശ്രീ വിജയരാജൻ കുഴിപ്പറമ്പിൽ തന്റെ വീടിനോടു ചേർന്നുള്ള സ്ഥലം താമസത്തിനായി നൽകുകയും പ്രാർത്ഥനായോഗത്തിന്റെ ആഭിമുഖ്യത്തിൽ പ്രകാശിന് താൽക്കാലികമായി ഒരു ഭവനം നിർമ്മിച്ചു നൽകുകയും ചെയ്തു. അങ്ങനെ തടസ്സങ്ങൾ ഒഴിവായപ്പോൾ പുരയിടം ദേവാലയ നിർമ്മാണത്തിനായി വാങ്ങുകയും ചെയ്തു.

ദൈവകൃപയാലും ഭാഗ്യസ്മരണാർഹനായ ഗ്രീഗോറിയോസ് പിതാവിന്റെ പ്രത്യേക പരിഗണനയാലും ബഹുമാനപ്പെട്ട കോശിയച്ചന്റെ നേതൃത്വത്തിലും എല്ലാ തടസ്സങ്ങളും ഒഴിവാക്കപ്പെട്ടുവെങ്കിലും ഒരു താൽക്കാലിക ദേവാലയം പണിതുയർത്തുവാൻ തീരുമാനിച്ചു. അതിനാവശ്യമായ ഓല, മുള, കമുക് തുടങ്ങിയ സാധനങ്ങൾ 1980 മെയ് 1-നു ശേഖരിക്കുകയും അന്നേദിവസം വൈകിട്ട് താൽക്കാലിക ദേവാലയത്തിന്റെ നിർമ്മാണം ആരംഭിക്കുകയും ചെയ്തു. വിശ്വാസികളുടേയും വിവിധ മതസ്ഥരായ നല്ലവരായ നാട്ടുകാരുടേയും

നേതാക്കന്മാരുടേയും സഹായത്തോടെ ദൈവപരിപാലനയാൽ ഒരു താൽക്കാലിക ദേവാലയം മെയ് 2-ന് പുർത്തിയായി. 1980 മെയ് 3-ന് രാവിലെ ഭാഗ്യസ്മരണാർഹനായ ഗ്രീഗോറിയോസ് തിരുമനസ്സുകോണ്ട് ദേവാലയം ദൈവമഹത്വത്തിനായി സമർപ്പിച്ചു.

വളരെയധികം പ്രയാസങ്ങളും തടസ്സങ്ങളും ഉണ്ടായെങ്കിലും അവയെല്ലാം ദൈവേഷ്ടത്താൽ കൂടുത അനുഗ്രഹപ്രദമായി മാറുകയാണുണ്ടായത്. അതിനാൽ എതിർപ്പുകളെ തൃണവൽക്കുരിച്ച് തടസ്സങ്ങൾക്കിടയിൽ വചനം പ്രഘോഷിച്ച് യേശുവിന്റെ രക്തസാക്ഷിയായ വിശുദ്ധസെബസ്ത്യാനോസ് സഹദായുടെ നാമദേയം ബഹു:കോശിയച്ചൻ നിർദ്ദേശിക്കുകയും സഹദായെ ഇടവകയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായി സമർപ്പിക്കുകയും ചെയ്തു.

സെന്റ് സെബാസ്റ്റ്യൻസ് മലങ്കര കത്തോലിക്കാ പള്ളി, മുതുപേഴുങ്കൽ എന്ന പേരിൽ ഒരു ദേവാലയം തുടങ്ങിയെങ്കിലും ഇടവകാംഗങ്ങൾക്ക് കത്തോലിക്കാ വിശ്വാസത്തെ കുറിച്ചും കൂദാശാജീവിതത്തെ കുറിച്ചും മതിയായ അറിവുണ്ടായിരുന്നില്ല. അതിനാൽ, സി.എവുസേബിയ, സി.പരിമള എന്നീ ബഥനി സിസ്റ്റേഴ്സിനെ മെയ് 12 മൂതൽ 18 വരെ ഇവിടെ താമസിച്ചു പ്രവർത്തിക്കുന്നതിനായി കൊണ്ടു വന്നു. സമീപപ്രദേശങ്ങളിലോ ഇടവകകളിലോ ഒരു മഠം ഇല്ലാതിരുന്നതിനാൽ രാത്രിയിൽ ശ്രീ.മാത്യു കൊണ്ടൂരിന്റെയും പകൽ ശ്രീ.ജോസഫ് ഷാജിഭവന്റെയും വിജയരാജൻ കുഴിപ്പമ്പിലിന്റെയും ഭവനങ്ങളിൽ താമസിച്ചാണ് അവർ പ്രർത്തിച്ചിരുന്നത്. അങ്ങനെ വകയാർ നിന്ന് 8-ഉം ഈട്ടുപാറ നിന്ന് മൂന്നും അതിരുങ്കലിൽ നിന്ന് രണ്ടും കുടുംബങ്ങളും പൂനരൈക്യപ്പെട്ട അഞ്ച് കുടുംബങ്ങളും കൂടി 28 കുടുംബങ്ങളാണ് ആദ്യ കാലത്ത് ഈ ഇടവകയിൽ ഉണ്ടായിരുന്നത്.

അടുത്തത് സ്ഥിരമായ ഒരു ദേവാലയം നിർമ്മിക്കുന്നതിനുള്ള ശ്രമമായിരുന്നു. ബഹു:ഗീവർഗ്ഗീസ് ചുട്ടുവെട്ടത്തച്ചന്റെ മേൽനോട്ടത്തിൽ കൂടലിൽ ഉണ്ടായിരുന്ന ദേവാലയം ഇവിടെ പുനർനിർമ്മിക്കുവാൻ അതിരൂപതയിൽ നിന്ന് അനുമതി ലഭിച്ചു. എന്നാൽ പ്രസ്തുത ദേവാലയം പൊളിച്ചപ്പോൾ വളരെ കുറച്ചു നിർമ്മാണ സാമഗ്രികൾ മാത്രമേ ഉപയോഗയോഗ്യമായി ലഭിച്ചുള്ളൂ. തുടർന്ന് ബഹു.കോശിയച്ചൻ അതിരൂപതയുമായി ബന്ധപ്പെടുകയും ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്തു. അച്ചന്റെയും ബഹു:മാത്യൂ കാലായിൽ അച്ചന്റെയും അശ്രാന്തപരിശ്രമം മൂലവും ഭാഗ്യസ്മരണാർഹനായ ഗ്രീഗോറിയോസ് തിമുമനസ്സിന്റെയും പെരിയ ബഹു.കുരുവിളയച്ചന്റെയും സഹായസഹകരണങ്ങളാലും സർവ്വോപരി ദൈവകൃപയാലും 1982 ഡിസംബർ 30-ന് പുതിയ ദേവാലയത്തിന്റെ നിർമ്മാണം പൂർത്തിയാക്കി കൂദാശാകർമ്മം നിർവ്വഹിക്കുന്നതിന് സാധിച്ചു.

| | | |
|---|---|---|
| ഇടവക സ്ഥാപകദിനം | - | മെയ് 3, 1980 |
| ഇടവക മദ്ധ്യസ്ഥൻ | - | വിശുദ്ധ സെബസ്ത്യാനോസ് സഹദ |
| ഇടവക സ്ഥാപകൻ | - | ഫാ. കോശി ചക്കാലമണ്ണിൽ |
| കൂദാശ നിർവ്വഹിച്ചത് | - | അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് |

**ഇടവകയിൽ സേവനം ചെയ്ത വികാരിമാർ**

| | | |
|---|---|---|
| 1. ഫാ. കോശി ചക്കാലമണ്ണിൽ | - | 1980-1985 |
| 2. ഫാ. തോമസ് നരിയാട്ടിൽ | - | 1986 |
| 3. ഫാ. ജോൺ കുറ്റിയിൽ | - | 1987-1991 |
| 4. ഫാ. യോഹന്നാൻ മുളമൂട്ടിൽ | - | 1991-1996 |

5. ഫാ. മാത്യു കയ്യാലയ്ക്കൽ - 1997 - 2002

6. ഫാ. മാത്യു മാടപ്പള്ളിൽ - 2002 - 2004

7. ഫാ. വർഗീസ് മാവേലിൽ - 2003 - 2004

8. ഫാ. സ്ലീബാദാസ് ചരിവുപുരയിടം - 2004 - 2006

9. ഫാ. ചാക്കോ തടത്തിൽ - 2006 - 2010

10. ഫാ. അഗസ്റ്റിൻ പുലിമുറ്റം - 2010 - 2012

11. ഫാ. സ്ലീബാദാസ് ചരിവുപുരയിടം - 2012 - 2014

12. ഫാ. ഏബ്രഹാം മേപ്പുറത്ത് - 2015 - 2016

13. ഫാ. അലക്സാണ്ടർ കല്ലുകാലായിൽ - 2017

14. ഫാ. ജോസ് കളവിള - 2018

15. ഫാ. ജോസഫ് എരുത്തിൽവിളയിൽ - 2019

16. ഫാ. ജിനു ജോൺ കൂടത്തിനാൽ - 2020

നിലവിൽ ആകെ കുടുംബങ്ങൾ - 50

ഇടവകയിൽ നിന്നുള്ള ദൈവവിളികൾ

1. ഫാ. ജേക്കബ് ദയാനന്ദ്

2. ഫാ. ദാനിയേൽ മണ്ണിൽ

3. ഫാ. ജോൺ ബ്രിട്ടോ ഒ.ഐ.സി.

4. ബ്ര. ലിബിൻ മാത്യു ഇലവിനാൽ

ഇടവക പുതുക്കിപ്പണിത് കൂദാശ ചെയ്തത് - 30/12/1982

ഇടവകയുടെ സുപ്രധാനദിനം - വിശുദ്ധ സെബസ്ത്യാനോസ് സഹദായുടെ തിരുനാൾ

അനുഗ്രഹപ്രദമായ ഇരുപത്തിയഞ്ച് വർഷങ്ങളുടെ ജൂബിലി ആഘോഷങ്ങൾക്ക് 2004 നവംബർ 21ന് കൊടിയേറി. ഒരു വർഷം നീണ്ട നവീകരണപ്രവർത്തനങ്ങൾക്ക് ശേഷം 2006 ജനുവരി 1 ന് സമാപനം നടത്തി. ദേവാലയത്തിന്റെ പ്രവർത്തനങ്ങൾക്ക് ഫാ. ഏബ്രഹാം മേപ്പുറത്തിന്റെ കാലം മുതൽ ആലോചനകൾ നടത്തി. സാമ്പത്തിക പ്രതിസന്ധി കാരണം നിർമ്മാണം നടന്നില്ല.

ഫാ. ജോസഫ് എരുത്തിൽവിളയിൽ അച്ചൻ വികാരിയായി 2019 വന്നത് മുതൽ ഇടവകയ്ക്ക് ഉണർവ്വ് ഉണ്ടായി. തത്ഫലമായി വി.ആരാധനയും വി.കർബാനയും നടത്തി ഇടവകയെ ശക്തിപ്പെടുത്തി, നിർമ്മണത്തിനായി പ്രത്യേകം പ്രാർത്ഥനയും തയ്യാറാക്കി നല്കി. ദേവാലയ മദ്ബഹാ അല്പം കൂടി വലുതക്കുവാൻ ആഗ്രഹിക്കുകയും സ്ഥലപരിമിതികാരണം ചേർന്നുകിടന്ന വസ്തുവിന്റെ ഉടമസ്ഥൻ ശ്രീ. കൊണ്ടൂർ മാത്യൂസാറിനെ കാണുകയും നിർമ്മാണത്തിനായി ഒന്നര സെന്റ് സ്ഥലം ദാനമായി നല്കുകയും ചെയ്തു. ഇടവകയ്ക്കുവേണ്ടി താത്പര്യപൂർവം പ്രവർത്തിച്ച അജോ അച്ചന് സ്ഥലമാറ്റം ലഭിക്കുകയും പിന്നീട് ഫാ. ജിനു ജോൺ കൂടത്തിനാൽ വികാരിയായി വരുകയും ചെയ്തു.

അതിനുശേഷം അച്ചന്റെ ഫലമായി അഭിവന്ദ്യ ഐറേനിയോസ് പിതാവ് ഇടവക സന്ദർശിക്കുകയും ഇടവകയുടെ നിർമ്മാണത്തിനായി 5 ലക്ഷം രൂപ നല്കാമെന്ന് സമ്മതിക്കുകയും ബാക്കി തുക കണ്ടെത്തി നിർമ്മാണം ആരംഭിക്കാൻ വികാരിയെ ചുമതലപ്പെടുത്തുകയും ചെയ്തു. അതിന്റെ ഫലമായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.